## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 811      05.06.2018 - ൽ മറുപടിക്ക്

## ടൂറിസം മേഖല സുരക്ഷിതമാക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വിദേശീയർ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരികൾക്കെതിരായി അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സംഭവങ്ങൾക്കെതിരെ അടിയന്തരവും ക്രിയാത്മകവുമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂറിസം മേഖല സുരക്ഷിതമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | ബി) വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവിലുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വെളിച്ചം, വൈദ്യുതി, നടപ്പാതകൾ, സുരക്ഷാവേലികൾ എന്നിവ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ കൂടുതൽ വിന്യസിക്കുന്നതിനായി പോലീസ് അധികാരികളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട |

ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുളള ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്ക് ആവശ്യമായ എല്ലാവിധ ആധുനിക പരിശീലനവും ഉപകരണങ്ങളും നൽകി വരുന്നുണ്ട്. ഹൗസ് ബോട്ടുകളിലെ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികളുടെ സംരക്ഷണം മുൻനിർത്തി ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സ്വീകരിച്ചു വരുന്നു. ഇപ്പോൾ കോവളം ടൂറിസം ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുളള നടപടി സ്വീകരിച്ചു വരുന്നു. വകുപ്പ് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊളളിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ